
# മതമില്ലാത്ത ജീവൻ

- - കരിക്കുലം പഠനം - -

എസ്.കാച്ചപ്പിള്ളി



രംഗം ഒന്ന്
സ്ക്കൂളിൻെറ ഓഫീസ്:

പ്രധാന അദ്ധ്യാപകൻ കസേരയിൽ ഇരിക്കുന്നു. മേശയിൽ വച്ചിരിക്കുന്ന സ്ക്കൂൾ രേഖകൾ പരിശോധിക്കുകയാണ്. ഒരു കുട്ടിയേയുമായി കുട്ടിയുടെ അച്ഛനും അമ്മയും കടന്നു വരുന്നു. പ്രധാന അദ്ധ്യാപകൻ റൂമിലേക്ക് കടന്നുവന്നരോട് ചോദ്യഭാവത്തിൽ നോക്കുന്നു. കുട്ടിയുടെ അച്ഛൻ മടിച്ചു മടിച്ച് : മകൻെറ അഡ്മിഷൻ . അവനെ ഒന്നാം ക്ലാസ്സിൽ ചേർക്കണം.

അദ്ധ്യാപകൻ : വരൂ . ഇരിക്കൂ

(രണ്ടു പേരും കുട്ടിയുമായി ഇരിക്കുന്നു)

കുട്ടി ഏഴാം ക്ലാസ്സിലെ പാഠപുസ്തകം കാണുന്നു. ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം ചൂണ്ടിക്കാണിച്ച് അച്ഛനോട്: അച്ഛാ ദാ ആ പുസ്തകം

കുട്ടി ചൂണ്ടിക്കാണിച്ച ഭാഗത്തേക്കു നോക്കി അദ്ധ്യാപകൻ : ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകമാണത്

കുട്ടി: (പറഞ്ഞതു പൂർത്തിയാക്കാൻ അനുവദിക്കാതെ) ഈ പുസ്തകം പഠിച്ചാൽ ,കുട്ടിൾ നശിച്ചുപോകും എന്ന് അച്ഛൻ പറഞ്ഞു.

അച്ഛൻ കുട്ടിയോട്: ചുമ്മാ അതുമിതും പറയാതെ. സാറിനത് ഇഷ്ടപ്പെട്ടില്ല. (അൽപനേരം കഴിഞ്ഞ് സാറിനോടായി) കുട്ടിയുടെ അഡ്മിഷൻ

പ്രധാന അദ്ധ്യാപകൻ: (ഇഷ്ടപ്പെടാത്ത ഭാവത്തിൽ) താങ്കൾ പറഞ്ഞത് ശരിതന്നെയാ കുട്ടിയുടെ മനശ്ശാസ്ത്രമറിയാത്ത ആരൊ തയ്യാറാക്കിയതാ, ഈ പുസ്തകം പഠിച്ചാൽ മനസ്സിൽ പകയും വിദ്വേഷവും വളരുമെന്നല്ലാതെ സോഷ്യൽ മനോഭാവമുണ്ടാവുകയില്ല.

കുട്ടിയുടെ അച്ഛൻ: (വീണു കിട്ടിയ ആവേശത്തോടെ) എന്നിട്ടും നിങ്ങളൊക്കെകൂടി പഠിപ്പിക്കുന്നുണ്ടല്ലൊ.

അദ്ധ്യാപകൻ: താൽപ്പര്യമുണ്ടായിട്ടല്ല, പഠിപ്പിക്കാതെ എന്തു ചെയ്യും. ജോലി രാജിവച്ചു പോകാൻ പറ്റില്ലല്ലൊ.

അദ്ധ്യാപകൻ കുട്ടിയുടെ പേരും അഡ്രസ്സും ചോദിച്ച് എഴുതുന്നു.

ശബ്ദം:

നമ്മുടെ വിദ്യാഭ്യാസത്തിന് എന്തു പറ്റി? ആരൊക്കെയാണ് നമ്മുടെ കരിക്കുലത്തിലൂന്നി പുസ്തകങ്ങൾ തയ്യാറാക്കുന്നത്. അവർ നമ്മുടെ കുട്ടികൾക്കു യോജിച്ച രീതിയിലാണൊ പുസതകങ്ങൾ തയ്യാറാക്കുന്നത്? കഴിവുള്ള പ്രതിഭാശാലികൾക്ക് അടുക്കാൻ കഴിയാത്തവിധം ദുഷിച്ച അവസ്ഥ വിദ്യാഭ്യാസ മേഖയിൽ നിലനിൽക്കുന്നുവൊ? അതൊ രാഷ്ട്രീയവും ജാതീയവുമായ കടന്നു കയറ്റം വഴി വേണ്ടത്ര പക്വത വരാത്ത വ്യക്തികളിലൂന്നിയാണൊ നമ്മുടെ പുസ്തകങ്ങൾ തയ്യാറാക്കപ്പെടുന്നത്. ജനാധിപത്യത്തിലെ ഇത്തരം ഇരച്ചുകയറ്റം വിദ്യാഭ്യാസ അപചയങ്ങൾക്കു വഴിവക്കുന്നുണ്ടൊ? ചിന്തയുടെ ഒരു നുറുങ്ങു വെട്ടം തേടിയുള്ള അന്വേഷണമാണ്.

അന്വേഷണങ്ങൾക്കൊടുവിൽ എത്തിനിൽക്കുന്നത് ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠം തയ്യാറാക്കിയ വ്യക്തികളിലാണ്. എന്തുകൊണ്ടും ഈ പുസ്തകം നമ്മുടെ ചിന്തക്കു മുൻപിൽ സമർപ്പിക്കുവാൻ വേണ്ടുംവിധം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട് എന്നു കരുതുന്നു. വികലമായ വ്യക്തിത്വങ്ങൾ നമ്മുടെ വിദ്യാഭ്യാസമേഖല കീഴടക്കിയുട്ടുണ്ട്. അവർ തയ്യാറാക്കിയ പുസ്തകങ്ങൾ പഠിക്കുവാൻ നമ്മുടെ കുട്ടികളെ നിർബന്ധിക്കുകവഴി വികലമായ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുവാനെ കഴിയു എന്ന് ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠം നമ്മെ കാണിച്ചു തരുന്നു. ആരേയും നോവിക്കാതെ ഒരു ഉണർത്തുപാട്ടാകാൻ കഴിയുമെന്നുള്ള പ്രതീക്ഷയോടെ ഈ തിരനോട്ടം ഭയഭക്തിപൂർവ്വം നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു.

രംഗം- 2

ഒന്നാമൻ : സാമൂഹ്യപാഠം പഠിക്കുന്നത് എങ്ങനെയാണെന്നായിരുന്നു എന്റെ സംശയം. ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠം വായിച്ചപ്പോഴല്ലെ പിടുത്തം കിട്ടിയത്. സമൂഹത്തിലെ വൈവിധ്യമാർന്ന മേഖലയിൽ ഇടപെട്ടുകൊണ്ടാണ് സാമൂഹ്യപാഠം പഠിക്കുന്നതെന്ന് പുസ്തകത്തിലെ ആദ്യതാളുകളിൽ തന്നെ പറഞ്ഞിട്ടുണ്ട്.

രണ്ടാമൻ: അരിവില ഇനിയും കൂടും, കിട്ടീന്നുതന്നെ വരില്ല എന്ന കാർട്ടൂണിനു താഴെ എല്ലാകാലവും അന്യസംസ്ഥാനക്കാർ നമ്മെ പോറ്റും എന്നു വിചാരിക്കുന്നുണ്ടോ എന്ന മറ്റൊരു കാർട്ടൂൺ കൊടുത്തിരിക്കണത് എന്തിനാപ്പാ.

ഒന്നാമൻ: ഇതാ ഇപ്പം വൈവിധ്യമായത്. അരി കിട്ടീന്നു വരില്ല എന്നാൽ മദ്യം കിട്ടാതെ വരൂല്ലല്ലൊ

രണ്ടാമൻ: അല്ലെങ്കിൽതന്നെ ഈ പുസ്തകം തയ്യാറാക്കിയവത് എന്തിന്റെ കുറവാ. അന്യസംസ്ഥാനക്കാർ എന്നും പോറ്റാൻ അവരെന്താ നമ്മട അച്ഛനമ്മമാരാ.

ഒന്നാമൻ: ഈ കൃഷി ഭൂമീന്ന് പറയുന്നത് ഏറ്റവും കുറഞ്ഞ ചിലവിൽ അരീം വച്ചക്കറീം നമ്മട നാട്ടില് ഉണ്ടാക്കുന്നവനുള്ളതാന്നാ എന്റെ അഭിപ്രായം.

രണ്ടാമൻ: കാര്യക്ഷമതേം കഴിവുമില്ലാത്ത ഉദ്യോഗസ്ഥരും ഭരണക്കാരും കൂടി വയലായ വയലൊക്കെ മത്സരിച്ച് മണ്ണിട്ട് മൂടുമ്പഴാ നിന്റെ ഒരഭിപ്രായം;

ഒന്നാമൻ: തോട്ടോം പാടോം ഒക്കെ തുണ്ടു തുണ്ടായി മുറിച്ച് കൃഷിക്കു പറ്റാത്തവിധം ആക്കീട്ട് ഇപ്പം അരിവിലകൂടും അരിവിലകൂടും എന്നു പറഞ്ഞിട്ട് എന്താ കാര്യം. എല്ലാക്കാലോം മദ്യം കിട്ടും എന്നതാ നമ്മടാ മനുഷ്യേരുടെ ഒരു ബുദ്ധി. ഇപ്പം കൃഷീമില്ല കമ്പനീമില്ല ഒള്ളതൊക്കെ സിമിൻറിന്റെ കൂടാരമല്ലെ.

രണ്ടാമൻ: ഇതിപ്പൊ നമ്മട എഴുത്തും വായനേം ഇല്ലാത്തവരുടെ മക്കക്കു പഠിക്കാൻ വേണ്ടീള്ളതല്ലെ, അപ്പ ഇങ്ങനൊക്കെ മതീന്നു പറഞ്ഞാ നമുക്കു കേക്കാതിരിക്കാൻ പറ്റ്വൊ.

ഒന്നാമൻ: കേട്ടിട്ട് ഒരന്തോം കുന്തോം ഇല്ലാത്തവർ തയ്യാറാക്കിയതാണെന്ന തോന്നണത്.

രംഗം 3

മെല്ലെ ഇങ്ങനെയും ജീവിതം എന്ന പാഠഭാഗം തെളിഞ്ഞുവരുന്നു.

കുട്ടികൾ :ഇങ്ങനെയും ജീവിതം: എന്ന തലക്കെട്ടിൽ കെ. മാധവൻെറയും എ.കെ.ഗോപാലൻേറയും കുറിപ്പുകൾ വായിക്കുന്നു.

പശ്ചാത്തലത്തിൽ മന്ത്രിമാരുടേയും രാഷ്ട്രീയക്കാരുടേയും അഴിമതിയെപ്പറ്റിയുള്ള വിവിധ ദൃശ്യങ്ങൾ തെളിഞ്ഞു കാണുന്നു.

അശരീരി: :ഇങ്ങനെയും ജീവിതം: എന്ന തലക്കെട്ടിൽ കെ. മാധവൻെറയും എ.കെ.ഗോപാലൻേറയും കുറിപ്പുകൾക്ക് ശേഷമുള്ള ഭാഗത്ത് ഇന്നത്തെ ഭരണ രാഷ്ട്രീയ നേതാക്കളുടെ മലീനസ്സമായ ജീവിത്തെപ്പറ്റിയുള്ള ഭാഗവും ചേർത്തിരുന്നുവെങ്കിൽ വൈവിധ്യമാർന്ന മേഖലകകളിൽ ഇടപെടാനുള്ള അവസരം ലഭിച്ചിരുന്നേനെ. എഴുതിതള്ളിയ വേക്കോലങ്ങളുടെ അവശിഷ്ടങ്ങൾ പുനർജനിപ്പിക്കുവാനുള്ള ശ്രമവും ഈ പുസ്തകത്തിൽ കണ്ടെത്താൻ കഴിയുന്നു. വൈവിധ്യമാർന്ന മേഖലകളിൽ ഇടപെടലല്ല മറിച്ച് വിലകുറഞ്ഞ പൈങ്കിളി പുസ്തകത്തിൽ ചേർക്കാനുതകും വിധം തരംതാണ പുസ്തക ഭാഗങ്ങൾ പാഠഭാഗങ്ങളാക്കിമാറ്റി കുട്ടിയുടെ നിലവാര തകർച്ച ഉറപ്പു വരുത്തുന്നു. നമ്മുടെ കുട്ടികളെ പഠിക്കാൻ വിടുന്നത് നീ ഇതു പഠിച്ച് നന്നായി വരുക എന്നു തീരുമാനിച്ചിട്ടാണ്. എന്നാൽ ഏഴാം ക്ലാസ്സിലെ സാമൂഹ്യ ശാസ്ത്രം പഠിക്കാൻ പ്രേരിപ്പിച്ചാൽ നീ ഈ പുസ്തകം പഠിച്ച് മുടിഞ്ഞു പോകു എന്ന പ്രേരണയാണ് നൽകുന്നത്.

രംഗം 4

ഒന്നാമൻ: ഏഴാം ക്ലാസ്സിലെ സാമൂഹ്യ പാഠപുസ്തകം തയ്യാറാക്കിയവരെ സമ്മതിക്കണം. വെടിവക്കണ് എന്നു പറഞ്ഞാ അരിവക്കണ പോലാണെന്നാ അവരടാ വിചാരം. നെല്ലു കൊണ്ടു പോണത് തടഞ്ഞപ്പാ പോലീസ്സ് വെടിവച്ചു; രണ്ടുപേർ മരിച്ചു, എത്ര നിസ്സാരമായിട്ടാണണെന്നാ അവര് നമ്മട മക്കള പ  ിപ്പിക്കണത്.

രണ്ടാമൻ: ഇവർക്കാണൊ ഇപ്പ നമ്മക്കാണൊ ബുദ്ധിസ്ഥിരതേം, പക്വതേം ഇല്ലാത്തത്. എനിക്ക് തോന്നണ നമ്മട പോലെ ചിരിപ്പടോം മിമിക്രിം ഒക്കെ കണ്ട് കാര്യോം വിവരോന്നുമില്ലാത്ത ആരൊ ആണ് ഈ പുസ്തകം തയ്യാറാക്കീതെന്നാ. ഇതൊക്കെ പഠിച്ച് നമ്മട മക്കട നീതീം ന്യായോക്കെ കളഞ്ഞു കുളിക്കുള്ളു. ചെലപ്പ പാർട്ടിക്കാർക്ക് ജാഥക്ക് ആളെ കൂട്ടാൻ വേണ്ടീട്ടായിരിക്കും ഇതൊക്കെ പഠിപ്പിക്കണത്.

ഒന്നാമൻ: നാട്ടിലിപ്പ വേറെ എന്തൊക്കെ വിശേഷങ്ങളു നടക്കണ്. അതിനിപ്പ മറുമരുന്നു കാണാൻ പറ്റാതായപ്പ ഒരോന്ന് പഠിപ്പിച്ച് പിള്ളേര വഴിതെറ്റിക്കാൻ നോക്കണ്.

രംഗം 5

പശ്ചാത്തലത്തിൽ വിവിധ സർക്കാർ ഓഫീസുകളുടെ ബോർഡുകൾ കാണാം. അവിടെനിന്നും നിരാശയോടെ നിൽക്കുന്നവരും കാര്യം കാണാതെ മടങ്ങുന്നവരും അഴിമതിയെപ്പറ്റി വിവരിക്കുന്ന വിവിധ ദൃശ്യങ്ങൾ തെളിഞ്ഞു കാണുന്നു.

അശരീരി: പണിയെടുക്കുന്നവന് അരസെൻറ് ഭൂമിപോലും വാങ്ങാൻ സാധ്യമല്ലാത്തവിധം ഭൂമിയുടെ വില വർദ്ധനവ് സംഭവിച്ചതും നല്ല സംസ്ക്കാരവും ജീവിതയാഥാർത്ഥ്യ ബോധവുള്ള സമൂഹത്തിൽ ജനിച്ചു വളരാൻ കഴിയാത്തവർ അധികാര-ഉദ്യോഗസ്ഥ അകത്തളങ്ങളിൽ കാര്യക്ഷമതയില്ലാത്ത പുതിയ ജന്മികളായി മാറിയതുമൂലം പൊതുജനം അടിമകളായി മാറേണ്ടി വന്നതും കാർഷീക ഉൽപ്പന്നങ്ങൾക്ക് മറ്റു സംസ്ഥാനക്കാരെ ആശ്രയിക്കേണ്ടി വരുന്നതുമാണ്, നടപ്പാക്കാൻ പറ്റാതെപോയ സ്ക്കൂൾ ദേശവൽക്കരണംപോലെ, കേരള കാർഷീകബിൽ അപക്വമായിരുന്നൊ എന്ന ചർച്ചക്കു വിധേയമാക്കപ്പെടേണ്ടി വരുന്നത്.

രംഗം 6

ഒന്നാമൻ: എന്തൊക്കെയാ ഈ ഏഴാം ക്ലാസ്സിലെ പുസ്തകത്തില് എഴുതി വച്ചിരിക്കണത്. കേരളീയൻെറ വയസ്സ് കൂടിയതും സാക്ഷരത കൂടിയതും ഗൗരിയമ്മേട ബില്ല് വന്നത് കൊണ്ടാണെന്ന്.

രണ്ടാമൻ: നമ്മക്ക് ഇത് വായിച്ചിട്ട് നേരമ്പോക്കായിട്ടാ തോന്നണത്. വക്ഷേങ്കി ജാതി പറയാനും ജാഥക്കാളെ കൂട്ടാനും നേര് അറിയാത്തോരെ തന്നെ വേണം

ഒന്നാമൻ: നേര് നേരായി പറഞ്ഞ് പഠിപ്പിക്കാൻ പുസ്തകം തയ്യാറാക്കിയോർക്ക് അറിയില്ലാതായിപ്പോയീന്നാ എൻെറ അഭിപ്രായം. ഇങ്ങനെക്കാ പഠിപ്പിച്ചാ നാളേം എന്തെങ്കിലും നെറിവുകേട് പറഞ്ഞാ അവര് അനുസരിച്ചുകൊള്ളും.

അശരീരി: കൃഷിഭൂമി കൃഷിക്കാരനാണ് ലഭിച്ചത് എന്നവകാശപ്പെട്ടുകൊണ്ട് അതുമൂലം കേരള സമൂഹത്തിനുണ്ടായ മാറ്റങ്ങൾ വിവരിക്കുന്നതിൽ കേളീയൻെറ ആയുർ ദൈർഘ്യം കൂടിയതും സാക്ഷരത കൂടിയതും ഉൾപ്പെടുത്തിയിരിക്കുന്നതിൽനിന്നും അജ്ഞാനികളെയൊ ആജ്ഞാനുവർത്തികളെയൊ ആണ് ഇത്തരം പുസ്തകത്തിലൂടെ സൃഷ്ടിച്ചെടുക്കാൻ കഴിയൂ എന്ന് നിസംശയം പറയാം.

രംഗം: 7

പശ്ചാത്തലത്തിൽ രണ്ടാം പാഠമായ മനുഷ്യത്വം വിളയുന്ന ഭൂമി തെളിഞ്ഞുകാണാം. തുടർന്ന് പുസ്തകത്തിൽ കൊടുത്തിരിക്കുന്ന 1924ലെ ജാതി തിരിച്ചുള്ള ലിസ്റ്റും കാണിക്കുന്നു.

അശരീരി: ഒരുജാതി മനുഷ്യരെ സൃഷ്ടിച്ചെടുക്കാനുള്ള അവക്വമായ ശ്രമത്തിൻെറ തുടർച്ച ഈ അദ്ധ്യായത്തിലും കാണാം. 1924ലെ ജാതി തിരിച്ചുള്ള ലിസ്റ്റും ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്നു. ചരിത്രമെന്നത് പഴയ കാലത്ത് വിഴച്ചുപെറ്റ സന്തതി ചാപ്പിള്ളയായിരുന്നൊ എന്ന അന്വേഷണമാണെന്നാണ് പുസ്തകം തയ്യാറാക്കിയവർ മനസ്സിലാക്കിയിരിക്കുന്നത്.

രംഗം: 8

മനുഷ്യത്വം വിളയുന്ന ഭൂമി എന്ന പാഠഭാഗത്ത് കൊടുത്തിരിക്കുന്ന ചിത്രം (പ്രായമായ ഒരു സ്ത്രീ സ്നേഹ എന്ന് എഴുതി കൊച്ചുമകളെ കാണിക്കുന്നത്) തെളിഞ്ഞു കാണാം. ചിത്രം കാണിക്കുമ്പോൾ ശബ്ദം:

സ്നേഹത്തിൻേറയൊ വരസ്നേഹത്തിൻെറയൊ അൽപം കണിക പോലും ഈ അദ്ധ്യായത്തിൽ കാണാൻ കഴിയില്ല. ജാതിയും അസഹിഷ്ണതയും പരസ്പര ബന്ധമില്ലായ്മയും അരങ്ങുതകർക്കുന്നിടത്ത് അൽപംപോലും മനുഷ്യത്വമൊ സ്നേഹമൊ വളർത്തിയെടുക്കാൻ കഴിയില്ല.

രംഗം: 9

പുസ്തകത്തിലെ പ്രതിജ്ഞയുടെ ഭാഗം പ്രത്യേകമായി തെളിഞ്ഞ് ചില ഭാഗങ്ങൾ വായിക്കാവുന്ന രീതിയിൽ കാണിക്കുന്നു. ചെറിയ ശബ്ദത്തിൽ പ്രതിജ്ഞ വായിക്കുന്ന ശബ്ദവും കേൾക്കാം. ശേഷം:

ശബ്ദം: മനുഷ്യത്വം അൽപംപോലും വിളയിക്കാൻ കഴിയാതെ കുഞ്ഞുമനസ്സുക ളിൽ വെറുപ്പിൻേറയും വിദ്വേഷത്തിൻെറയും വിത്തു വിതക്കാനെ ഈ പുസ്തകം ഉപകരിച്ചിട്ടുള്ളൂ. ദേശസ്നേഹമെന്തെന്ന് ഈ പുസ്തകം തയ്യാറാക്കിയിരുന്നവർ ഓർത്തിരുന്നുവെങ്കിൽ ദേശസ്നേഹത്തിൻെറ പ്രതിരൂപമായ പ്രതിജ്ഞക്കുശേഷം കുടിലത ഏറെ പകർന്നു നൽകുംവിധം പൊതുകിണറ്റിൽനിന്നും വെള്ളമെടുത്തതിന് ദളിതനെ ചുട്ടുകൊന്നു എന്ന പാഠഭാഗം ചേർക്കില്ലായിരുന്നു. കുഞ്ഞുമനസ്സുകളിൽ ആഴത്തിൽ മുറിവേൽപ്പിക്കുംവിധം പാഠഭാഗങ്ങൾ കൂട്ടിയിണക്കുന്നവരെ ചുട്ടുകെല്ലാൻ ഭരണ ഘടന അനുവദിക്കുന്നില്ല എന്നത് ഇത്തരം ദോഷൈകദൃക്കുകൾ വളക്കൂറായി കാണുന്നു. ഇത്തരം ദോഷൈക ദൃക്കുകളെ അയിത്തം കണക്കാക്കി അകറ്റി നിർത്തേണ്ടിയിരിക്കുന്നു.

രംഗം 10

ഒന്നാമൻ: എൻെറ ഒരു സംശയം ചോദിക്കട്ടേട്ടാ

രണ്ടാമൻ: നിങ്ങക്കെപ്പഴും സംശയം തന്നേല്ലെയുള്ളൂ.

ഒ:ാമൻ: നല്ല കാരക്ഷമതേം നല്ല സംസ്ക്കാരോം ഇല്ലാത്തവർ പ്രതിജ്ഞ ചൊല്ലിയതുകൊണ്ടുമാത്രം നല്ല പെരുമാറ്റമുള്ളവരെ ഉണ്ടാക്കീടുക്കാൻ പറ്റ്വൊ

ഒന്നാമൻ: പറ്റില്ല പറ്റില്ല. എൻെറ സംശയം അതല്ല ഇന്നു കാണുന്ന മോശം പെരുമാറ്റോം ചിന്തേം ജാതിതിരിച്ചുകാണാൻ പഠിപ്പിക്കണതെന്തിനാണെന്നാ

രണ്ടാമൻ: അതിനിപ്പ ഇതില് ജാതികാര്യങ്ങളല്ലെ പറഞ്ഞ പോണത്

ഒന്നാമൻ: അതു പറഞ്ഞപ്പളാ എനിക്ക് മനസ്സിലായത് പുതിയ തലമുറയില് നല്ല മക്കളായിം സ്നേഹമുള്ളവരായും വളർത്താൻ എല്ലാവർക്കും പറ്റിയൊ, ഇല്ല,.

രണ്ടാമൻ: എനിക്ക് തോന്നണത് അങ്ങനെ സ്നേഹമില്ലാത്ത സമൂഹത്തിൽ വളർന്ന ആരൊ ആണ് ഈ പുസ്തകം തയ്യാറാക്കീത് എന്നാണ്.

ഒന്നാമൻ: ഇതൊക്കെ പഠിച്ചാ സ്നേഹോം, ബോധോം ഇല്ലാത്തോരെ മാതൃകയാക്കാൻ മക്കളോടു പറയണ പോലാകും

രംഗം 11:എച്ചിൽ എന്ന പാഠഭാഗം തെളിഞ്ഞുകാണാം. പാഠഭാഗവും ചിത്രവും പ്രത്യേകം എടുത്തു കാണിക്കുന്നു.

ഒന്നാമൻ: ഇതെന്താപ്പാ പൈങ്കിളി കഥയിൽ പോലും കാണാൻ പറ്റാത്തപോലാണല്ലൊ എച്ചിൽ എന്ന പാഠഭാഗം വിവരിച്ചേക്കണത്.

രണ്ടാമൻ: ഇതൊക്കെയെ നമ്മട മക്കക്കു പറഞ്ഞിട്ടുള്ളൂ. എച്ചിലെടുക്കാൻ കുട്ടികളെ പഠിപ്പിക്കണതു മാത്രമല്ലാ, ഇതൊക്കെ പഠിച്ചു കഴിഞ്ഞാ നാട്ടിൽ മനഷ്യത്വം കൂടി ഇല്ലാതാകും.

രംഗം 12:

മതമില്ലാത്ത ജീവൻ എന്ന പുസ്തക ഭാഗം തെളിഞ്ഞു കാണുന്നു.

ഒന്നാമൻ: മതമില്ലാത്ത ജീവൻ എഴുതിയയാൾക്ക് ഇരട്ട പ്രയോഗം നല്ലപോലെ അറിയാട്ടൊ

രണ്ടാമൻ: ജീവൻ എന്ന പേരിട്ടതുതന്നെ ഇരട്ട അർത്ഥം വച്ചോണ്ടല്ലയൊ

ഒന്നാമൻ: ഇരട്ട പേരുപോലെ എനിക്കൊരു ഇരട്ട സംശയം ഉണ്ടട്ടൊ

രണ്ടാമൻ: ഉം. അതെന്താ

ഒന്നാമൻ:ജീവൻ വലുതാകുമ്പോൾ ഏതുമതവും കടലാസിൽ ചേർക്കാമെന്നാണല്ലാ പറഞ്ഞിരിക്കണ്ത്.

രണ്ടാമൻ: അതിനു നമ്മട നിയമം മാറ്റി എഴുതേണ്ടി വരും

ഒന്നാമൻ: ജീവൻ വലുതാകുമ്പോ ജാതി തിരഞ്ഞെടുത്തുകൊള്ളും എന്നു പറഞ്ഞ എന്നതാ അർത്ഥം

രണ്ടാമൻ: എന്നതാ(ചോദ്യഭാവത്തിൽ)

ഒന്നാമൻ: ജാതീന്നു പറഞ്ഞാ നമ്മടെ ജീവൻ പോലെ ശരിക്കും വേണ്ടതാണെന്നല്ലെ

രണ്ടാമൻ: അതുപിന്നെ ജാതി നോക്കീട്ടല്ലെ ഇപ്പ പഠിക്കാൻതന്നെ കുട്ട്യോളെ എടുക്കുണത്.

ഒന്നാമൻ: ഇവരൊക്കെകൂടി ജാതി, ജാതീന്നു പറഞ്ഞ് ഇപ്പ ജാതി മാത്രമാക്കിയെടുത്ത്.

രംഗം 12: മതമില്ലാത്ത ജീവൻ എന്ന പാഠഭാഗം തെളിഞ്ഞുകാണുന്നു.

ശബ്ദം:

നീചമായ മനസ്സാന്നിധ്യത്തോടെ തയ്യാറാക്കിയ പുസ്തകത്തിലെ മതമില്ലാത്ത ജീവൻ എന്ന പാഠഭാഗത്തിനുശേഷം ജവഹർലാൽ നെഹ്റു എന്ന മഹാന്റെ പേരും മനുഷ്യത്വമില്ലാതെയാണ് ഉപയോഗിച്ചിരിക്കുന്നത്. വീണ്ടും അസഹിഷ്ണതയും അരാജകത്വവും വളർത്തിയെടുക്കുവാൻ മഹാഭാരതവും ബൈബിളും നബി വചനവുമൊക്കെ ചേർത്തിരിക്കുന്നത് ഈ ഭൂമിയിൽ ഒട്ടും മനുഷ്വത്വം വിളയരുതെന്ന് പാഠഭാഗം തയ്യാറാക്കിയിരുന്നവർ ആഗ്രഹിച്ചിരുന്നിരിക്കണം. അനുഭവക്കുറിപ്പുകൾ എഴുതാൻ ആവശ്യപ്പെടുമ്പോൾ മൂല്യാധിഷ്ഠിത അനുഭവങ്ങൾ ഏതൊക്കെ മതവിഭാഗങ്ങളിൽ നിന്നുമുണ്ടായി എന്നും എഴുതി ചേർക്കാൻ പറയുന്നതും നന്നായിരിക്കും.

രംഗം 13:

ആഘോഷങ്ങളുടെ നാട് എന്ന പാഠഭാഗം തെളിഞ്ഞു കാണുന്നു.

ഒന്നാമൻ: പൈങ്കിളി പുസ്തകമൊന്നും നമ്മട മക്കള് വാങ്ങിക്കേണ്ടി വരില്ല.

രണ്ടാമൻ: അതെന്നാപ്പാ. പുസ്തകം നിരോധിച്ചൊ.

ഒന്നാമൻ: അതല്ലാന്ന് നമ്മടെ മക്കളു പഠിക്കണ ഏഴാംക്ലാസ്സിലെ സാമൂഹ്യപാഠംതന്നെ നല്ല അസ്സല് പൈങ്കിളിയല്ലെ

രണ്ടാമൻ: പോയിപ്പോയി പാഠപുസ്തകത്തിലും ആ വക കാര്യങ്ങളായൊ. അതും കുട്ട്യോളുടെ പുസ്തകത്തില്.

ഒന്നാമൻ: അതല്ലാന്ന് ഈ പുസ്തകത്തില് ആഘോഷങ്ങളുടെ നാട് എന്ന പാഠഭാഗം വായിക്ക്. അതില് പറയണ് നാല് പെൺമക്കളുള്ള നാട്, അവര് നാല് മതത്തിൽപ്പെട്ടവരെ കല്ല്യാണം കഴിക്കണെന്ന്.

രണ്ടാമൻ: അത് ഏത് നാടാണപ്പാ

ഒന്നാമൻ: ആൻറമാൻ നിക്കോബാർ ഐലൻറ് എന്നു പറയണ നാട്ടിലാണ് ഇപ്പറഞ്ഞ ആളുകള്

രണ്ടാമൻ: അയ്യയ്യൊ ആ നാട്ടില് മൂന്നിൽ രണ്ടും ട്രൈബൽ വിഭാഗത്തിൽപെട്ടോരല്ലെ.

ഒന്നാമൻ: എന്താപ്പ ഇപ്പ പറയ്ക. ആരെയൊക്കെയാണ് നമ്മ മക്ക മാതൃകയാക്കണ്ടത്. ഒരെത്തും പിടീം കിട്ടണില്ല

രണ്ടാമൻ: പഠിപ്പിച്ച് പഠിപ്പിച്ച് ആഫ്രിക്കയാണ് ലോകത്തിലെ ഏറ്റവും നല്ല ജനാധിപത്യ രാജ്യം എന്നു പഠിപ്പിക്കുമെന്നാ എനിക്ക് തോന്നണത്.

ഒന്നാമൻ: അതെന്താപ്പാ അങ്ങനെ തോന്നാൻ.

രണ്ടാമൻ: സംവരണോന്നും ഇല്ലാതെ തന്നെ നല്ല ശതമാനം പെണ്ണുങ്ങള് പാർലിമെൻറിലുണ്ട്. അപ്പ അവടേണ് നല്ല ജനാധിപത്യം കൊടകുത്തി വാഴണതെന്ന് എഴുതീന്നു വരും

രംഗം 14

ആഘോഷങ്ങളുടെ നാട് എന്ന പാഠഭാഗം തെളിഞ്ഞുകാണാം

അശരീരി: വീണ്ടും മതത്തിൽപെട്ടവരെ തേടിയുള്ള യാത്രയാണ്. വിലക്കയറ്റം, കുടിവെള്ളക്ഷമം, പകർച്ചവ്യാധികൾ, ഭൂകമ്പം എന്നിവയെല്ലാം സർക്കാർ മുൻകൈയ്യെടുത്തു പരിഹരിക്കണമെന്നല്ല അവയെല്ലാം ഏതേത് മതത്തിൽപെട്ടവരെയാണ് കൂടുതലായി ബാധിക്കുന്നതെന്നാണ് കണ്ടെത്തേണ്ടത്.

പുസ്തകത്തിൻെറ ഘടന പരിശോധിച്ചാൽ ഏറെ അന്തവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമപ്പെട്ടവരെയും യാഥാർത്ഥ്യ ബോധത്തിൽനിന്നും തെല്ലെങ്കിലും അകന്നു നിൽക്കന്നവരേയും മാതൃകയാക്കാൻ കുഞ്ഞുമനസ്സുകൾക്ക് പ്രചോദനം നൽകുന്നുണ്ട്. നമ്മുടെ കുഞ്ഞുമനസ്സുകളിൽനിന്നും മനുഷ്യത്വംവിളയുന്ന ഭൂമി ഉണ്ടാകരുതെന്ന് എന്തിനാണ് ഇത്രയും വാശി പിടിക്കുന്നത്.

രംഗം 15

ഇനിയും മുന്നോട്ട് എന്ന മൂന്നാം പാഠം തെളിഞ്ഞു കാണാം

ശബ്ദം:

തറുതല പറയുന്ന രീതി ഇനിയും മുന്നോട്ടല്ല പിന്നോട്ടാണ് നയിക്കുക. അച്ഛൻെറ വേരു ചോദിച്ചാൽ അച്ഛനു ചോദിക്കുന്നോടാ എന്നു തിരിച്ചു ചോദിച്ചാകും ബഹളം. ഇത്തരക്കാരുടെ കൂട്ടത്തിൽപെടുത്തേണ്ടി വരും ഏഴാം ക്ലാസ്സിലെ ഈ പുസ്തകം പഠിച്ചിറങ്ങുന്ന നമ്മുടെ കുട്ടികളേയും. തേങ്ങക്കു വില കിട്ടിയില്ലെങ്കിലെന്താ പാമോയിലിന് വില കുറഞ്ഞില്ലെ എന്ന തലതിരിഞ്ഞ കാർട്ടൂൺപോലെ തന്നെയാണ് ഏറെയും പാഠഭാഗങ്ങൾ. നാണമില്ലാത്തവന് അതിനെയോർത്ത് പരിഭവിക്കേണ്ടി വരുന്നില്ല. ജാതിയും അസഹിഷ്ണതയും പരസ്പര ബന്ധമില്ലായ്മയും കെട്ടു പിണഞ്ഞു കിടക്കുന്നു. ബ്രിട്ടീഷുകാരുടെ ഭരണത്തിലെ അടുക്കും ചിട്ടയേയുമൊക്കെ സൂചിപ്പിക്കുമ്പോൾ അംബാനിയുടെ സാമ്പാദ്യത്തെപ്പറ്റി പറഞ്ഞു തറുതല പറയുന്ന സംസ്ക്കാരമില്ലായ്മയുടെ പ്രതിരൂപമായി മാറിയിരിക്കുന്നു ഈ പുസ്തകം.

തുടർന്ന് ക്യാമറ സ്വാതന്ത്ര സമര നേതാക്കളുടെ ചിത്രത്തിലേക്ക്

വംഗം 16:

പുസ്തകത്തിലെ സ്വാതന്ത്ര സമര ഭാഗങ്ങൾ കാണിക്കുന്നു. സ്വാതന്ത്രസമര ജാഥകൾ, മുദ്രാവാക്യങ്ങൾ ... ..

ഒന്നാമൻ: സ്വാതന്ത്രസമരത്തെപ്പറ്റി പറയുന്നിടത്ത് ഭീകരതയുടെ പര്യായങ്ങൾ മാത്രമെ വിവരിക്കുന്നുള്ളൂ.

രണ്ടാമൻ: എനിക്കും ഈ പുസ്തകത്തിലെ സ്വാതന്ത്ര സമരത്തെപ്പറ്റി പറയുന്നത് വായിച്ചിട്ട് സങ്കടമാ വരുന്നത്.

ഒന്നാമൻ: സ്വാതന്ത്ര സമരമെന്നു വച്ചാ പീർ മുഹമ്മദിൻെറ ആത്മഹത്യാ ധൈര്യവും ഭഗത് സിങ്ങിൻെറ മരണമാണ് ജീവനേക്കാൾ ധന്യം എന്ന മരണ സന്ദേശവുമാണെന്നാ പുസ്തകക്കാര് എഴുതി പഠിപ്പിക്കണത്.

രണ്ടാമൻ: അതും പോരാഞ്ഞിട്ടാ അക്രമത്തിൻെറ പാതയാണ് സ്വാതന്ത്രത്തിൻെറ പാതയെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കണത്.

ഒന്നാമൻ: അതിനു പറ്റിയ ഒരു കഥകൂടി പുസ്തകത്തില് ചേർത്തിട്ടുണ്ട്. സുനിതേടേം ശാന്തീടേം കഥ.

രണ്ടാമൻ: ശാന്തീം സുനിതേം നമ്മട മക്കള് പഠിക്കണപോലെ ഏഴാം ക്ലാസ്സിലാണ് പഠിക്കണത്.

ഒന്നാമൻ: എന്തൊക്കെയാ പഠിപ്പിക്കണത്. ഏഴാം ക്ലാസ്സി പഠിക്കണ കുട്ടികളാ തോക്കെടുത്ത് മജിസ്ട്രേറ്റിനെ വെടിവച്ച് വീഴത്തിയത്.

രണ്ടാമൻ: ഇതൊക്ക പഠിച്ച് നമ്മട രാഷ്ട്രീയക്കാരുടെ നേരെ തോക്കെടുക്കുമോന്നാ എൻെറ പേടി.

ഒന്നാമൻ: ശരിയാ, ഇപ്പളത്ത രാഷ്ട്രീയക്കാര അല്ലെങ്കിതന്നെ വെടിവക്കണമെന്ന് തോന്നുന്ന കാലമാ

രണ്ടാമൻ: പിന്നെ ഒരാശ്വാസമുള്ളത് ഈ പിള്ളേരുടെ ജാതി ചോദിച്ചിട്ടില്ല എന്നതാ

രംഗം 17

ഗാന്ധിജിയുടെ ചിത്രം കാണിക്കുന്നു. നേർത്ത ശബ്ദത്തിൽ രഘുപതി രാഘവ എന്ന ഗാനം കേൾക്കാം

ശബ്ദം:

സമാധാനത്തിൻെറ പ്രതീകമായിരുന്ന ഗാന്ധിജിയുടെ വാക്കുകളെ പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ആഹ്വാനത്തിൽ ഒതുക്കിയിൻെറ പിന്നിലും അദ്ദേഹത്തിന് ഒരു തോക്കുധാരിയുടെ മുഖമുദ്ര നൽകാനുള്ള ശ്രമമാണ്.

ഒന്നാമൻ: മൂന്നാം പാഠം വായിച്ചപ്പഴാ എനിക്കൊരു കാര്യം പിടികിട്ടിയത്. മപ്രസിദ്ധീകരണോം കോമാളി പുസ്തകോം വായിച്ചറിഞ്ഞ ആരൊ ആണ് ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠം തയ്യാറാക്കിയിരിക്കണത്.

രണ്ടാമൻ: മണ്ണിൻെറ ഗന്ധമറിയാൻ എന്ന പാഠം തയ്യാറാക്കിയയാൾക്ക് മണ്ണിൻെറ ഗന്ധമറിയാൻ പാടില്ലെന്നു മാത്രമല്ല. ജാതി നോക്കി പ്രവേശനം കിട്ടീപ്പ പഠിച്ച് സർട്ടിഫിക്കറ്റ് നേടിയയാളാണ് .. തീർച്ച.

ഒന്നാമൻ: (ദേഷ്യത്തിൽ) തീർച്ച .. തീർച്ച .. സർട്ടിഫിക്കറ്റുണ്ടെന്നു നീ സമ്മതിച്ചല്ലൊ. അതുമതി. നമ്മ ഇവിടക്കിടന്ന് സർട്ടിഫിക്കറ്റു മാത്രം പോര പോരാന്നു പറഞ്ഞാ ആരും കേക്കാൻ പോണില്ല.

രണ്ടാമൻ: (ഉച്ചത്തിൽ) ഞാനിനീം പറയും സർട്ടിഫിക്കറ്റ് മാത്രം പോരാ പോരാന്ന്. കേൾക്കണോര് കേട്ടാ മതി.

ഒന്നാമൻ: (ഉച്ചത്തിൽ തന്നെ) പറഞ്ഞൊ, പറഞ്ഞൊ ഉച്ചത്തി കിടന്ന് അലറിക്കൊ.

വക്ഷേങ്കില ഫലോന്നുമുണ്ടാകാൻ പോണില്ല. നീ വേണമെങ്കി നിൻെറ മക്കടെ പഠനം നിർത്തിക്കോ. ( പരിഹസിച്ച് ചിരിക്കുന്നു)

മൂന്നാമതൊരാൾ രംഗത്ത് വന്നത് അവർ അറിയുന്നില്ല

രണ്ടാമൻ: ചിരിച്ചൊ ചിരിച്ചൊ നിൻേറക്കെ മക്കള് തലതിരിഞ്ഞു പോകുമ്പോളും ഇങ്ങനീരുന്ന് ചിരിച്ചാ മതി. (ദേഷ്യത്തിൽ കടന്നു പോകാൻ ശ്രമിക്കുന്നു)

മൂന്നാമൻ (കടന്നു വന്ന് രണ്ടാമനോടായി) (മന്ദഹസിച്ച്) എന്താ ഇപ്പ ഇത്ര ദേഷ്യപ്പെടാൻ കാരണം.

രണ്ടാമൻ: ഞങ്ങട മക്കള് ഏഴാം ക്ലാസ്സിലാണ് സാറെ പഠിക്കണത്. അതിലെ സാമൂഹ്യപാഠത്തെ പറ്റി പറയുകയായിരുന്നു. എന്തൊക്കെയാ അതില് പഠിപ്പിക്കണത്. നമ്മടെ വിള്ളേര അക്രമോം മനുഷ്യത്വമില്ലായ്മേം നെറിവുകേടുമാ പഠിപ്പിക്കണേന്നാ ഞാൻ പറഞ്ഞത്.

ഒന്നാമൻ: അല്ല സാറെ അവന് എപ്പഴും ഒരഭിപ്രായമുണ്ട്. നല്ല നല്ല സ്ഥാനങ്ങളിലിരിക്കണോങ്കി സർട്ടിഫിക്കറ്റ് മാത്രം പോരാന്ന്. ഈ വിള്ളേരട പുസ്തകം തയ്യാറാക്കാന് ഇപ്പിത്രക്ക് പറയണ്ട കാര്യോണ്ടൊ

മൂന്നാമൻ: (മന്ദഹസിച്ച) (ഉപദേശ രൂപത്തിൽ) കുട്ടികളുടെ കാര്യത്തിലാ നമ്മൾ വളരെ ശ്രദ്ധിക്കേണ്ടത്. അവരുടെ മനസ്സിൽ നിസ്സാരമെന്നു നമുക്ക് തോന്നുന്ന കാര്യങ്ങള് വലിയ വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകും. അവരാണ് നാളത്തെ നാടിൻെറ പൗരന്മാർ. ഒരു കുട്ടി പല പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് പഠിക്കുന്നത് അവൻെറ പാഠഭാഗങ്ങളാണ്. അതിലെ ഒരു ചെറിയ പ്രയോഗം പോലും നാളത്തെ നിയമ ലംഘകനേയൊ, നാളത്തെ സാമൂഹ്യ പ്രവർത്തകനേയൊ ഒക്കെ ആക്കി മാറ്റാൻ പറ്റുന്ന കാര്യങ്ങളാണ്.

രംഗം 18:

സുഹൃത്തുക്കളെ,

ഇവിടംകൊണ്ട് നമ്മുടെ കരിക്കുലം പരിശോധന അവസ്സാനിപ്പിക്കുന്നില്ല. ഇത് ഒരു ആരംഭം മാത്രമാണ്. ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം ഏറെ ചർച്ചചെയ്യപ്പെട്ടതാണ് എന്നതിനാലാണ് ആ പുസ്തകത്തിലെ മൂന്നു അദ്ധ്യായങ്ങൾ പരിശോധനക്കു വിധേയമാക്കിയത്. ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകത്തിലെ മൂന്നു അദ്ധ്യായങ്ങൾ മാത്രം നമ്മുടെ കുട്ടികളുടെ മനസ്സിനെ ഇത്രമാത്രം പാപ പങ്കിലമാക്കുന്നുന്നവെങ്കിൽ എത്രമാത്രം അവഗണനയോടുകൂടിയായിരിക്കും മറ്റു ക്ലാസ്സിലെ പുസ്തകവും കരിക്കുലവും തയ്യാറാക്കപ്പെടുന്നത്. നന്ദി.

(ശുഭം)

# മതമില്ലാത്ത ജീവൻ

എസ്.കാച്ചപ്പിള്ളി

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠം വിവാദമായിട്ട് ഒന്നര പതിറ്റാണ്ടാകുന്നു. ആ പുസ്തകവുമായി ബന്ധപ്പെട്ട് നിരീക്ഷണങ്ങൾ പലതുണ്ടായെങ്കിലും അന്നാളുകളിൽ തയ്യാറാക്കിയ വിശകലനം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിരുന്നില്ല. സാമൂഹ്യമാധ്യമങ്ങളിലൂടെ പുന:പരിശോധന ആവശ്യപ്പെട്ട് വിവിധ ഓൺലൈനുകളിൽ എന്റെ നിരീക്ഷണവും സമർപ്പിക്കുകയുണ്ടായി. സമൂഹത്തിന്റെ ധാർമിക ബോധത്തെ തകർക്കാർ ആഗ്രഹിക്കാത്തവരെല്ലാം തന്നെ അന്ന് ഏഴാം ക്ലാസ്സിലെ സാമൂഹ്യ പാഠാവലി പൊളിച്ചെഴുതണമെന്ന ആവശ്യത്തിലായിരുന്നു. പുതിയ സാമൂഹ്യ പാഠാവലി പിന്നീട് നിലവിൽ വന്നെങ്കിലും നമ്മുടെ കുട്ടികളിൽ തെറ്റായ സന്ദേശം നൽകുന്ന ഇത്തരം കരിക്കുലങ്ങൾ ഇനിയൊരിക്കലും നമുക്കുണ്ടാകാതിരിക്കാനായി 'മതമില്ലാത്ത ജീവൻ' എന്ന ഡോക്യുമെന്ററി ആവിഷ്ക്കാരത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു.

സംസ്ക്കാര, കൊച്ചി.

9446459784